# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1523**      **12.06.2019 ൽ മറുപടിയ്ക്ക്**

**പച്ചക്കറി ഉൽപാദനം വർദ്ധിപ്പിക്കുവാൻ നടപടി**

| **ചോദ്യം** | ഉത്തരം |
|---|---|
| **ശ്രീ. യു. ആർ. പ്രദീപ്** | **ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |

എ) പച്ചക്കറി ഉൽപാദനത്തിൽ സംസ്ഥാനം സ്വയംപര്യാപ്തത കൈവരിക്കുന്നതിനും സുരക്ഷിത പച്ചക്കറി ഉൽപാദനം പ്രോത്സാഹിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് കൃഷി വകുപ്പ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ:

എ) പച്ചക്കറി ഉല്പാദനത്തിൽ സംസ്ഥാനം സ്വയംപര്യാപ്തത കൈവരിക്കുന്നതിനും സുരക്ഷിത പച്ചക്കറി ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് കൃഷി വകുപ്പ് നടപ്പിലാക്കുന്ന ബൃഹത് പദ്ധതിയാണ് സമഗ്ര പച്ചക്കറി വികസന പദ്ധതി. അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്ന വിഷലിപ്തമായ പച്ചക്കറികൾ ഒഴിവാക്കി ജൈവപച്ചക്കറികൾ ഓരോ വീട്ടിലും ഉല്പാദിപ്പിക്കാൻ വേണ്ട ബോധവത്ക്കരണവും ഉല്പാദന ഉപാധികളുടെ ലഭ്യതയും ഉറപ്പാക്കുന്നതിനു വേണ്ടിയാണ് പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കി വരുന്നത്. ഈ പദ്ധതി വിജയകരമായി നടപ്പിലാക്കുന്നതിലൂടെ സംസ്ഥാനത്തെ പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. കർഷകർക്ക് കൃഷിയ്ക്കാവശ്യമായ എല്ലാവിധ സഹായങ്ങളും നൽകിവരുന്നു. സമഗ്ര പച്ചക്കറി വികസന പദ്ധതിയുടെ വിവിധ ഘടകങ്ങൾ വിജയകരമായി നടപ്പാക്കുക വഴി ഓരോ വർഷങ്ങളിലും പച്ചക്കറി കൃഷിയുടെ വിസ്തീർണ്ണം കൂട്ടുന്നതിനും അതുവഴി സംസ്ഥാനത്ത് പച്ചക്കറിയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനും കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് പച്ചക്കറി വികസന പദ്ധതി വഴി നടപ്പിലാക്കുന്ന മുഖ്യ ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

- വിട്ടുവളപ്പിൽ പച്ചക്കറി കൃഷി പ്രോത്സാഹനം.
- പച്ചക്കറി തൈകളുടെ വിതരണം.
- മട്ടുപ്പാവ് കൃഷി പ്രോത്സാഹനവും, മാലിന്യസംസ്കരണവും.
- സ്ഥാപനങ്ങൾ വഴിയുള്ള പച്ചക്കറി കൃഷി
- പച്ചക്കറി കൃഷിക്കായി പരിശീലനം ബോധവത്കരണം, പ്രചരണം.

- ജില്ലാ ക്ലസ്റ്ററുകൾക്ക് പച്ചക്കറി കൃഷി.
- എ ഗ്രേഡ് ക്ലസ്റ്റർ പ്രോത്സാഹനം.
- ഗ്രേഡ് ചെയ്ത ക്ലസ്റ്ററുകളുടെ വികസനം.
- ബ്ലോക്ക് തല ഫെഡറേറ്റഡ് സമിതികളുടെ രൂപീകരണം.
- ബ്ലോക്ക്തല നേഴ്സറികളുടെ വികസനം
- മഴമറകൾ സ്ഥാപിക്കൽ
- സൂക്ഷ്മ ജലസേചനവും ജലസേചനം വഴിയുള്ള വളപ്രയോഗവും.
- തരിശുനില കൃഷി
- മാധ്യമങ്ങൾ വഴിയുള്ള വിത്തുവിതരണം എൻ.ജി.ഒ കൾ മുഖേന പച്ചക്കറി വിത്ത് വിതരണം.
- വി.എഫ്.പി.സി.കെ വഴിയുള്ള പച്ചക്കറി വികസന പദ്ധതികൾക്കായി ധനസഹായം.

സുരക്ഷിത പച്ചക്കറി ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി "സേഫ് ടു ഈറ്റ്" എന്ന ഘടകം നടപ്പിലാക്കി വരുന്നു. മാർക്കറ്റുകൾ, ഇക്കോഷോപ്പുകൾ, കൃഷിയിടങ്ങൾ എന്നിവയിൽ നിന്ന് പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് വെള്ളായണി കാർഷിക കോളേജിൽ പ്രവർത്തിക്കുന്ന "കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ലാബിൽ" പരിശോധിച്ച് ഫലം പരസ്യപ്പെടുത്തുന്നു. കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടലിലും, കേരള കാർഷിക സർവ്വകലാശാല, കൃഷി വകുപ്പ് എന്നിവയുടെ വെബ് സൈററുകൾ വഴിയും പരിശോധനാ ഫലം പ്രസിദ്ധപ്പെടുത്തുന്നു. ഇത് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും വിഷലിപ്തമായ പച്ചക്കറികളുടെ ഉല്പാദനത്തിൽ നിയന്ത്രണം വരുത്തുന്നതിനും ഒരു പരിധിവരെ സഹായിക്കുന്നുണ്ട്.

| | |
|---|---|
| ബി) ഇതിനായി എത്ര കോടി രൂപയാണ് 2019-20 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്; വിശദാംശം നൽകുമോ? | ബി) സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം 2019-20 സാമ്പത്തിക വർഷത്തിൽ 6390 ലക്ഷം രൂപയുടെ പദ്ധതികൾ കൃഷി വകുപ്പ് നേരിട്ടും, 700 ലക്ഷം രൂപയുടെ പദ്ധതികൾ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള മുഖേനയും നടപ്പിലാക്കുവാനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**